പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3598 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ് മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ.പി.ജയരാജൻ**<br>**,, പി.വി. അൻവർ**<br>**,, കെ. ദാസൻ**<br>**,, ആർ. രാജേഷ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിശോധനകളാണ് ആരോഗ്യവകുപ്പ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പിന് ലഭിക്കുന്ന പരാതികളുടെയും ദൃശ്യമാധ്യമ വാർത്തകളുടെയും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പ്രത്യേക നിർദ്ദേശ പ്രകാരവും ഭക്ഷ്യ ഉത്പാദനം, സംഭരണം, വിതരണം, വിപണനം എന്നിവ ചെയ്യുന്ന സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തുകയും ഭക്ഷ്യ സുരക്ഷാ ഗുണ നിലവാര നിയമം 2006 ലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഉത്സവ സീസണുകളായ ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, ബക്രീദ് തുടങ്ങിയ കാലയളവുകളിലും മറ്റും അതാത് ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ച് ജില്ലാതല സ്ക്വാഡുകളും, മറ്റു ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചു കൊണ്ട് സ്പെഷ്യൽ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഇവർ ശേഖരിക്കുന്ന സാമ്പിളുകൾ NABL അംഗീകാരമുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഭക്ഷ്യസുരക്ഷാ പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നിയമസഭാ നിയോജക മണ്ഡല അടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ, 14 അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർ മൂന്ന് മേഖലാ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാകമ്മീഷണർ(മൊബൈൽ വിജിലൻസ് സ്ക്വാഡ്) തുടങ്ങിയവരെ നിയോഗിച്ചിട്ടുണ്ട്.<br>പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് വിഭാഗം താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച്,നടപ്പിലാക്കി വരുന്നു.<br>• സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് - എല്ലാ ഗ്രാമപഞ്ചായത്തുകളിലും 100 ശതമാനം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.<br>• സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ - സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷണത്തിന്റെയും ഭക്ഷണരീതികളെയും കുറിച്ച് ബോധവാൻമാരാക്കുന്ന പദ്ധതി.<br>• ക്വിക്ക് റെസ്പോൺസ് ടീം - പൊതുജനങ്ങളുടെ പരാതികൾക്ക് ഉടനടി പരിഹാരം കണ്ടെത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.<br>• മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ നടപ്പാക്കിയതു വഴി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചു.<br>• എല്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ടാബ്ലറ്റ് വിതരണം ചെയ്തതു വഴി ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാ |

| | | | |
|---|---|---|---|
| | | | ക്കാൻ സാധിച്ചിട്ടുണ്ട്. |
| സി) | അതിർത്തി കടന്നെത്തുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | സി) | ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സഹായത്തോടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ തുടർ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഡി) | പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിനും ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും എല്ലാ ജില്ലകളിലും ക്വിക് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഡി) | നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ക്വിക്ക് റെസ്പോൺസ് ടീം പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളുടെയും മറ്റും അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പരിശോധന നടത്തുകയും ഉടനടി പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ഭക്ഷ്യവിഷബാധ പോലുള്ള സംഭവങ്ങളിൽ ഈ ടീമിന്റെ പ്രവർത്തനം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ